നടപടി സ്വീകരിച്ചുവോയെന്ന കാര്യം തമിഴ്നാട് നാളിതുവരെ വ്യക്തമാക്കിയിട്ടില്ല. ഡാമുകളുടെയും അനുബന്ധ നിർമ്മിതികളുടെയും സുരക്ഷയടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനം തമിഴ്നാടിനുണ്ടെന്നും അതേ സംവിധാനം ഉപയോഗിച്ച് പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നുമാണ് തമിഴ്നാട് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നിലപാട്. പ്രസ്തുത നിലപാടിൽ ഉറച്ച് നിന്നുകൊണ്ട് "Sub Committee on Parambikulam Aliyar System" -ന്റെ പ്രവർത്തനം തുടരേണ്ടതില്ലായെന്നാണ് തമിഴ്നാട് NCDS-ന്റെ യോഗങ്ങളിൽ ആവർത്തിച്ച് ആവശ്യപ്പെടുന്നത്. പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ ഉൾപ്പെടുന്ന ഡാമുകളുടെ പ്രത്യേക സ്വഭാവവും പരിസര പ്രദേശത്തെ അവസ്ഥയും കണക്കാക്കുമ്പോൾ സബ് കമ്മിറ്റിയുടെ പ്രവർത്തനം ഒഴിവാക്കാൻ പാടില്ലായെന്നാണ് കേരളത്തിന്റെ അഭിപ്രായം. ഡാമുകളുടെ സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ ഉണ്ടാകുന്നതിന് പ്രസ്തുത കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനം അനിവാര്യമായ സംഗതിയാണെന്ന് കേരളം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. സബ് കമ്മിറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കാനുള്ള നിർദ്ദേശം തമിഴ്നാടിന് നൽകണമെന്ന് കേരളം കേന്ദ്രജല കമ്മീഷനോടും കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെയും കേന്ദ്ര ജല കമ്മീഷന്റെയും പ്രതികരണം ലഭ്യമായിട്ടില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ 4, ഖണ്ഡിക 2 അനുസരിച്ച് ഓരോ സംസ്ഥാനത്തിലും മറ്റു സംസ്ഥാനം നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് കരാറിന്റെ പരിധിയിൽ വരുന്ന ഡാമുകളും മറ്റ് നിർമ്മിതികളും അവയുടെ പ്രവർത്തനവും പരിപാലനവുമായി ബന്ധപ്പെട്ട രേഖകളും പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

ഭൂമി നൽകിയവർക്കുള്ള നഷ്ടപരിഹാരം

66 (4400) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിമല നാവിക അക്കാദമിക്കുവേണ്ടി ഭൂമി നൽകിയവരിൽ എത്ര പേർക്ക് ഇനിയും നഷ്ടപരിഹാരം വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കോടതി നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്നും ആർക്കൊക്കെ എത്ര തുക വീതം വിതരണം ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂമി വിട്ടുനൽകിയവരിൽ കോടതി കേസുകൾ നിലവിലില്ലാത്ത മുഴുവൻ പേർക്കും നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ട്. തർക്കമുള്ള കേസുകളിലെ തുക കോടതിയിൽ കെട്ടിവച്ചിട്ടുണ്ട്.

(ബി) സബ്കോടതിയിൽ നിലവിലുണ്ടായിരുന്ന 115 കേസുകളിൽ 53 എണ്ണത്തിന്റെ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 4,25,82,301 രൂപ കൊടുക്കാനുണ്ട്. പ്രസ്തുത കക്ഷികളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതുകൂടാതെ മുമ്പ് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് നൽകിയ എൽ.എ.ആർ. കേസുകളിൽ സൊലേഷ്യത്തിന് 19-9-2001-ന് ശേഷമുള്ള കാലയളവിൽ പലിശയിനത്തിൽ 60 ലക്ഷത്തോളം രൂപയും നൽകാനുണ്ട്.

(സി) 5 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന അനുവദിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു.

കനോലി കനാൽ ടൂറിസം സർക്യൂട്ട്

67 (4401) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ ഏതൊക്കെ പദ്ധതികളാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ ; ;

(ബി) പ്രസ്തുത പരിപാടിയിൽ പ്രഖ്യാപിച്ച കനോലി കനാൽ ടൂറിസം സർക്യൂട്ട് യാഥാർത്ഥ്യമാക്കാൻ ഇറിഗേഷൻ, ടൂറിസം വകുപ്പുകളുടെ നേതൃത്വത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ 17 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly